*For circulation among believers only*



റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ

Annual Subscription Rs. 50
Reg.No. M6/72943/08

വാല്യം – 1 | ലക്കം – 3 | ഒക്ടോബർ 2009

ആത്മീയ പുതുക്കത്തിന്

## ദിശ 2010 – ബൈബിൾ എക്സിബിഷൻ

ഭാരത ബ്രദ്റൻ ചരിത്രത്തിലെ ആദ്യ ബൈബിൾ എക്സിബിഷൻ 2010 ജനുവരി 6 മുതൽ 10 വരെ എറണാകുളത്ത് നടക്കുന്നു. ഇതിനു മുന്നോടിയായി ഒക്ടോബർ 18ന് പാലാരിവട്ടം ക്രിസ്ത്യൻ ബ്രദ്റൻ ചാപ്പൽ ഹാളിൽ നടന്ന യോഗത്തിൽ വെച്ച് പ്രാർത്ഥനാ കാർഡ് പുറത്തിറക്കി. സഹോദരൻ സൈലസ് സി. നായർ വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ സെക്രട്ടറി എ.ഡി. ജെയിംസിന് പ്രാർത്ഥനാ കാർഡ് നൽകികൊണ്ടാണ് പ്രകാശനം നിർവ്വഹിച്ചത്.

കൊച്ചി ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് വിശാലമായ എക്സിബിഷൻ സെന്റർ തയ്യാറാക്കുന്നത്. വിവിധ മാധ്യമങ്ങളിലൂടെ ബൈബിളിന്റെ ആധികാരികതയും വിശ്വാസ്യതയും തെളിയിക്കുന്ന ഈ എക്സിബിഷനിൽ നൂതന സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്.

മോക്ഷപ്രാപ്തിക്കായി അലയുന്ന മനുഷ്യൻ സാധാരണ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ ഉത്തരം നൽകുക എന്നതാണ് ലക്ഷ്യം. ശാസ്ത്രം, യുക്തി, ചരിത്രം, ഉൽപ്പത്തി, പാപം, രക്ഷ, വേദപുസ്തകം പ്രതിപാദിക്കുന്ന ദൈവം, യേശുക്രിസ്തുവിലുള്ള നിത്യ ജീവൻ, ക്രൈസ്തവ സമൂഹം ലോകത്തിനു നൽകിയ സംഭാവനകൾ എന്നിവയ്ക്കായി പ്രത്യേകം



*പ്രാർത്ഥന കാർഡ് പ്രകാശനം. സഹോ. എ.ഡി. ജെയിംസ്. സഹോ. സൈലസ് സി. നായർ*

പ്രത്യേകം തയ്യാറാക്കിയ സ്റ്റാളുകളും, മിഷ്യൻ സെന്ററുകളും കൂടാതെ പൂർണ്ണ സമയം പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെന്ററും എക്സിബിഷൻ സെന്ററിൽ ഉണ്ടായിരിക്കും.

ജനുവരി 8,9,10 തീയതികളിൽ എക്സിബിഷൻ സെന്ററിനോട് ചേർന്ന് തയ്യാറാക്കുന്ന സ്റ്റേജിൽവെച്ച് സംഗീത വിരുന്നും, സുവിശേഷ യോഗങ്ങളും നടക്കും.

എറണാകുളം പട്ടണത്തിലെ ബ്രദ്റൻ സഭകളിൽ നിന്നുള്ള സഹോദരൻമാർ ഒന്നിച്ച് ചേർന്നാണ് ഈ എക്സിബിഷൻ സംഘടിപ്പിക്കുന്നത്. 2005ൽ ആശാകിരൺ എന്ന പേരിൽ മൂന്നു ദിവസത്തെ സുവിശേഷ യോഗങ്ങൾ ടി.ഡി.എം. ഹാൾ ഗ്രൗണ്ടിലും 2008ൽ വൈപ്പിനിലും ഇതുപോലെ സഹോദരൻമാർ മുൻകൈയ്യെടുത്ത് നടത്തിയിരുന്നു.

വഴിതെറ്റി അലയുന്ന മനുഷ്യർക്ക് ശരിയായ ദിശ കാണിച്ചു കൊടുക്കുവാൻ ഈ പ്രവർത്തനം മുഖാന്തരം ഇടയാകേണ്ടതിന് ദൈവജനത്തിന്റെ പ്രാർത്ഥന അനിവാര്യമാണ്. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക. www.dishamultimediashow.com വിലാസം - Disha 2010, Ambakuzhi Park, St. Martin Road, Palarivattom P.O., Kochi. Tel : 9388602191, 9447414222.

# ജമ്മു ആന്റ് കാശ്മീർ

**ഭൂ**മിയിലെ സ്വർഗ്ഗം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജമ്മു കാശ്മീരിൽ വസന്തകാലം തീരാറായി. കൊടും ശൈത്യത്തെ വരവേൽക്കുവാൻ പ്രകൃതി ഒരുങ്ങി കഴിഞ്ഞു. ആപ്പിൾ വിളവെടുപ്പ് ആരംഭിക്കുന്നത് ഈ ഘട്ടത്തിലാണ്. ചില ദിവസങ്ങൾക്കുള്ളിൽ വൃക്ഷങ്ങൾ ഇല പൊഴിച്ചു തുടങ്ങിയാൽ മലനിരകളിൽ അവിടെവിടെയായി മഞ്ഞിന്റെ മനോഹാരിത പ്രത്യ



*ഫിലിപ്പ് മാത്യു, ഭാര്യ ഓമന*

ക്ഷപ്പെട്ടു തുടങ്ങും. മഞ്ഞിനെ പുതച്ച് ഇനിയുള്ള ചില മാസങ്ങൾ ഉറങ്ങുവാൻ പോവുകയാണ് കാശ്മീർ. പക്ഷെ ഭാരതീയ സൈനീകർക്ക് ഉറക്കമില്ലാത്ത നാളുകളും.

ബ്രിട്ടീഷ് അധികാരം അവസാനിക്കുവാൻ ചില നാളുകൾ ബാക്കി നിൽക്കെ ഇന്ത്യ-പാക് വിഭജന ചർച്ചയിൽ ഒരു കീറാമുട്ടിയായിരുന്നു കാശ്മീർ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യൻ നേതാക്കളും മുഹമ്മദലി ജിന്നയും തമ്മിലുള്ള ചർച്ചകൾ ദിവസങ്ങൾ നീണ്ടു നിന്നു. ആ സമയത്തു തന്നെ ഷേക് മുഹമ്മദ് അബ്ദുള്ളയുടെ ഭരണത്തോടുള്ള അതൃപ്തി ജനങ്ങളിൽ പ്രകടമായിരുന്നു. കാശ്മീർ വിടുക എന്ന മുദ്രവാക്യവുമായി ജനങ്ങൾ സമരം ചെയ്തിരുന്നതു കൊണ്ട് തന്നെ ജനഹിതം പെട്ടെന്ന് മനസ്സിലാക്കാൻ നേതാക്കൾക്ക് കഴിഞ്ഞു. ഭാരതം എന്ന മഹാരാജ്യത്തോടു ചേരുക എന്നതായിരുന്നു പ്രബുദ്ധരായ കാശ്മീർ ജനതയുടെ ആഗ്രഹം. 1947 ആഗസ്റ്റ് 15ന് ബ്രിട്ടീഷ് അധികാരികൾ ഭാരതത്തിന്റെ ഭരണം ഒഴിയുമ്പോൾ ഇന്ത്യയുടെ തിലകക്കുറിയായി മാറി ജമ്മു ആന്റ് കാശ്മീർ.

എന്നാൽ അന്നു മുതൽ ഇന്നുവരെ ഇന്ത്യയുടെ അവിഭാജ്യഘടകമായ ഈ മഞ്ഞുമലയെ സംരക്ഷിക്കുവാൻ ഓരോ ഭാരതീയനും നിതാന്ത ജാഗ്രതയിലാണ്. അതിനായ് ഭാരതമേറ്റ മുറിവുകൾ മുംബൈ ആക്രമണം വരെ എത്തിനിൽക്കുന്നു. എന്തു സംഭവിച്ചാലും ഈ മണ്ണിനെ സംരക്ഷിക്കുവാൻ ഭാരത ജനത ഒറ്റക്കെട്ടാണെന്നത് അടുത്ത കാലത്തെ സംഭവങ്ങൾ തെളിയിക്കുകയും ചെയ്തു.

സൈനീക വാഹനങ്ങളുടെ ഇരമ്പലും, വെടിയൊച്ചയും കൊണ്ട് മുഖരിതമായിരുന്നു ചില നാളുകൾക്കു മുൻപ് കാശ്മീരിന്റെ തെരുവിഥീകൾ. എന്നാൽ ഇന്ന് സ്ഥിതി മാറി. സാധാരണ നിലയിലേക്ക് ഇവിടത്തുകാരുടെ ജീവിത രീതി മാറി. എന്തിനെയും ഭയന്നിരുന്ന കാലം യവനികയ്ക്കുള്ളിൽ മറഞ്ഞു. വിഘടനവാദികൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാനും ഇവർ പഠിച്ചു കഴിഞ്ഞു. സൈന്യം ശക്തമാണെന്ന തിരിച്ചറിവാണ് ഇവർ ഇത്ര ആത്മവിശ്വാസത്തിൽ ജീവിക്കുവാൻ കഴിയുന്നത്.

പാക് അതിർത്തിയായ കാർഗിൽ മേഖലയിലും ചൈനയുമായി



*ശ്രീനഗറിൽ നിന്ന് ഒരു ദൃശ്യം*



*പരമ്പരാഗത വസ്ത്രധാരികളായ കാശ്മീരികൾ*

അതിർ പങ്കിടുന്ന ലഡാക്കിലും സർവ്വസന്നാഹങ്ങളുമായി ഇന്ത്യൻ സൈനികർ ഉറക്കമൊഴിക്കുമ്പോൾ താഴെ കാശ്മീരികളും ഭാരതത്തിലെ ഓരോ പൗരനും സുഖമായി ഉറങ്ങുന്നു.

എന്നാൽ യഥാർത്ഥ സമാധാനത്തിലേക്ക് ഇവരെ ആര് നയിക്കും? ദൈവമക്കളായ നാം അന്യോന്യം ചോദിക്കുന്ന ചോദ്യം.

വർഷങ്ങൾക്ക് മുമ്പ് വിദേശീയരായ മിഷണറിമാർ ഈ മേഖലയിൽ പ്രവർത്തിച്ചിരുന്നു. അതു മുഖാന്തരം ക്രിസ്ത്യാനികൾ എന്ന പേരിൽ ചിലർ ഇവിടെയുണ്ട്. എന്നാൽ ക്രിസ്തീയ വീക്ഷണവും ജീവിതരീതിയും മറന്ന് ധാർമ്മികമായി അധഃപതിച്ചു പോയ ഈ കൂട്ടരെ സമൂഹം ഒരു കോണിലേക്ക് തള്ളിമാറ്റി ക്രിസ്തീയ വളർച്ച മുരടിച്ചു. നാമധേയ ക്രിസ്ത്യാനികളടക്കം ആകെ ക്രിസ്ത്യാനികൾ 0.16%മാണ് ജമ്മു കാശ്മീരിലുള്ളത്.

1987–ൽ സഹോദരൻ ദർശൻ സിംഗ് സുവിശേഷ ദൗത്യവുമായി ജമ്മുവിൽ ചെന്നു. പ്രതികൂലമായ കാലാവസ്ഥ അതിജീവിക്കാനാവാതെ തിരിച്ച് പോന്നു. (സഹോദരൻ ഇപ്പോൾ രാജസ്ഥാനിലെ ശ്രീഗംഗാനഗറിൽ ഫലകരമായി പ്രവർത്തിക്കുന്നു). 1993ൽ റാന്നി മണ്ണാരത്തറയിൽ നിന്നുള്ള സഹോദരൻ ഫിലിപ്പ് മാത്യു കുംടുബമായി ജമ്മുവിലേക്ക് പ്രവർത്തനത്തിനായി കടന്നു ചെന്നു. വടക്കെ ഇന്ത്യയിലെ പല സ്ഥലങ്ങളിലും വടക്കു കിഴക്കൻ സംസ്ഥാനമായ നാഗാലാന്റിലും അദ്ധ്യാപകനായി പ്രവർത്തിച്ചിരുന്ന സഹോദരൻ ഫിലിപ്പ് മാത്യു 1992–ൽ മുംബൈയിൽ വെച്ച് പൂർണ്ണസമയ സുവിശേഷ വേലയ്ക്കായി സമർപ്പിച്ചു. ഒരു വർഷം ചെന്നൈയിലെ സ്റ്റിവാർഡ് ബൈബിൾ കോളേജിലെ പഠനശേഷമാണ് ജമ്മുവിലേക്ക് പോയത്. ഒരു പ്രവർത്തകനും, പ്രവർത്തനവും ജമ്മുവിലില്ല എന്നതിരിച്ചറിവാണ് തന്നെ അവിടേയ്ക്ക് പോകുവാൻ പ്രേരിപ്പിച്ചത്.

21 ജില്ലകളുള്ള ജമ്മു കാശ്മീരിൽ വളരെ ചുരുക്കം സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ നടക്കുന്നുള്ളു. നേരത്തെ ബൈജു വി ബാലൻ ശ്രീനഗറിൽ പ്രവർത്തിച്ചിരുന്നു. (ഇപ്പോൾ താൻ ഉത്തർപ്രദേശിൽ പ്രവർത്തിക്കുന്നു) ജമ്മുവിൽ തേശ്ശേരിയിൽ നിന്നുള്ള സഹോദരൻ ലിന്റോ തോമസും, ഛത്തീസ്ഘട്ടിൽ നിന്നുള്ള വിനോദ് കുമാർ എന്നിവരും ഫിലിപ്പ് മാത്യു വിനോട് ചേർന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

കാർഗിൽ പോലുള്ള നിയന്ത്രണമുള്ള മേഖലകളിൽ ഇതുവരെയും സ്ഥിരമായ പ്രവർത്തനങ്ങൾക്കായി ആരും കടന്നു പോയിട്ടില്ല. ആഗ്രയിൽ നിന്ന് സുവിശേഷകൻ ചാർളി ജീവൻ പണയപ്പെടുത്തി ചില സന്ദർശനങ്ങൾ നടത്തിയതൊഴിച്ചാൽ. സുവിശേഷ പ്രവർ

*ശേഷം 2–ാം പേജിൽ*

# ആന്ധ്ര, കർണ്ണാടക വെള്ളപ്പൊക്കം

തുടർച്ചയായ മഴമൂലം കൃഷ്ണാ, തുംഗ ഭദ്രാ, ഹാദ്രി നദികൾ കരകവിഞ്ഞതിനെ തുടർന്ന് ആന്ധ്ര, കർണ്ണാടക സംസ്ഥാനങ്ങളിലെ 15ഓളം ജില്ലകൾ വെള്ളപ്പൊക്കത്തിന്റെ ദുരിതത്തിലാണ്ടു. ആയിരക്കണക്കിനാളുകളാണ് എല്ലാം നഷ്ടപ്പെട്ടവരായിത്തീർന്നത്. ആന്ധ്രയിലെ കർണ്ണൂൽ ജില്ലയിലാണ് വിശ്വാസികൾക്ക് വ്യാപകമായ നാശനഷ്ടങ്ങളുണ്ടായത്. സഹോദരന്മാരായ ജി. ദേവസഹായം, ജോൺ മോസസ് തുടങ്ങിയവർ ഇതു സംബന്ധിച്ച വിശദവിവരങ്ങൾ അറിയിച്ചു. വെള്ളത്തിന്റെ ഇരമ്പൽ കേട്ടു കുട്ടികളെയും എടുത്ത് അർദ്ധരാത്രിയിൽ ഓടി രക്ഷപ്പെട്ട നമ്മുടെ ചില സഹോദരങ്ങളുമുണ്ട്. അരിയും മറ്റു സാധനങ്ങളും വസ്ത്രങ്ങളും കയറ്റിയ ട്രക്കുമായി കർണ്ണൂലിലേക്ക് അനന്തപൂർ സഭയിലെ സഹോദരന്മാർ പുറപ്പെട്ടെങ്കിലും പലയിടത്തും എത്താനായില്ല. ചില ദിവസങ്ങൾ കഴിഞ്ഞ് കൂടുതൽ സാധനങ്ങൾ ശേഖരിച്ച് വീണ്ടും പോകാനായി സഹോദരന്മാർ ശ്രമിക്കുന്നുണ്ട്. പാഡിഗലാ, നെഹ്റു നഗർ, ശിവപുരം ബ്രദ്റൻ സഭാ ഹോളുകൾ പൂർണ്ണമായും, അല്ലൂർ ഹോൾ ഭാഗികമായും തകർന്നു.

ചത്തടിഞ്ഞ കന്നുകാലികളുടെ ജഡവും മണ്ണും ചെളിയും അടിഞ്ഞു കൂടിയ വീടുകളും എങ്ങും കാണാം. ആത്മകൂർ ടൗണിലെ വിശ്വാസികൾ കൂടിവരുന്ന ചെറിയ ഷെഡ് ഒലിച്ചുപോയി ദൈവജനത്തിന്റെ അടിയന്തര സഹായം ആവശ്യമാണ്. വെള്ളപ്പൊക്കം ശമിച്ചെങ്കിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുന്നു.





*ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പോകുന്ന വിശ്വാസികളും സുവിശേഷകന്മാരും*

# മുത്തൂരിലെ മുത്തുകൾ

പൊള്ളാച്ചിയിൽ നിന്ന് മൂന്ന് കിലോമീറ്റർ പാലക്കാട് ഭാഗത്തേക്ക് യാത്ര ചെയ്താൽ മുത്തൂർ എന്ന കൊച്ചു ഗ്രാമത്തിലെത്താം. ഭംഗിയായി കോൺക്രീറ്റ് ചെയ്ത ചെറിയ നടപ്പാതകൾ. ഈ പാതകളോട് ചേർന്ന് നിർമ്മിച്ച കൊച്ചു കൊച്ചു വീടുകൾ. തെരുവുകൾ സംഗമിക്കുന്ന എല്ലാ കവലകളിലും ആൽത്തറയും കൊച്ചു ക്ഷേത്രങ്ങളും. വൈകുന്നേരങ്ങളിൽ നാട്ടുകൂട്ടങ്ങൾക്ക് വേദിയാകുന്ന ഈ കവലകളിൽ കാണുന്ന കൊച്ചു മാടക്കടയിൽ നിന്ന് പഴയ തമിഴ് ഗാനങ്ങൾ നിർഗളം പ്രവഹിച്ചു കൊണ്ടിരിക്കുന്നു. ഈ പാട്ടിന്റെ താളത്തിനൊത്ത് തലയാട്ടുകയാണ് മുതിർന്നവർ. ചില കുട്ടികൾ നൃത്തം ചവിട്ടുന്നു. എന്നാൽ ഒരു പറ്റം കുട്ടികൾ സോഡിയം വേപ്പർ ലാബിന്റെ വെളിച്ചത്തിൽ കളിക്കുന്ന തിരക്കിലാണ്.

പൊള്ളാച്ചി സഭയിലെ സുവിശേഷകൻ ഷാജി ജെ. പോളും ഈ ലേഖകനും ബൈക്കിൽ ഈ ഗ്രാമത്തിലേക്ക് ചെല്ലുമ്പോൾ കുട്ടികളുടെ കൂട്ടത്തിൽ നിന്ന് ഒരു പെൺകുട്ടി വിളിച്ചു പറഞ്ഞു. "സാറ് വന്താച്ച്..." കണ്ണടച്ചു തുറക്കും മുൻപ് മുപ്പതോളം വരുന്ന കുട്ടിക്കൂട്ടം ഞങ്ങൾക്കു ചുറ്റും അണി നിരന്നു കഴിഞ്ഞു. ആ തെരുവിൽ തന്നെ 'ചിൽഡ്രൻസ് ക്ലബ്ബ്' ആരംഭിക്കുകയാണ്. കൈകളടിച്ച്, ആക്ഷൻ കാണിച്ച് പാട്ടുകൾ, ബൈബിളിൽ നിന്നുള്ള കഥകൾ. ഇടയ്ക്കിടയ്ക്ക് ഉയരുന്ന ചോദ്യങ്ങൾ... ഇതിനിടയ്ക്ക് ജോലികഴിഞ്ഞ് മടങ്ങിവരുന്ന സ്ത്രീ, പുരുഷന്മാർ ഞങ്ങളെ നോക്കി തൊഴുകൈയോടെ അഭിവാദ്യം ചെയ്യുന്നുണ്ട്. ആ മുഖങ്ങളിൽ നിന്ന് ഒരു കാര്യം വായിച്ചെടുക്കാം. "ഞങ്ങളുടെ കുഞ്ഞുങ്ങളെ നന്മയിലേക്ക് നടത്തുന്നതിന് നന്ദി". ഒന്നര മണിക്കൂർ നീണ്ട ചിൽഡ്രൻസ് ക്ലബ്ബ് കഴിഞ്ഞ് മടങ്ങാനൊരുങ്ങുമ്പോൾ ഒരു ചോദ്യം "അണ്ണാ ഇനി എന്നേയ്ക്കു വരും?" ഞങ്ങളുടെ ബൈക്കിന്റെ പിന്നാലെ ബഹുദൂരം ഓടിവന്ന മുത്തൂരിലെ മുത്തുകളുടെ കണ്ണുകളിലെ തിളക്കം തിരിഞ്ഞു നോക്കിയപ്പോൾ ഞങ്ങൾ കണ്ടു.



*മുത്തൂർ ചിൽഡ്രൻസ് ക്ലബ്ബിലെ കുട്ടികൾ*

പൊള്ളാച്ചി സഭയിൽ നിന്നുള്ള സഹോദരന്മാർ 15 വർഷങ്ങൾക്ക് മുമ്പ് ഇവിടെ പ്രവർത്തനം ആരംഭിച്ചതാണ്. അതേ തുടർന്ന് ചിലർ രക്ഷിക്കപ്പെട്ട് സഭാ കൂട്ടായ്മയിൽ വന്നു. അതിനുശേഷം നിന്നുപോയ പ്രവർത്തനങ്ങൾ ഈ വർഷമാണ് പുനരാരംഭിക്കുന്നത്. കുഞ്ഞുങ്ങളുടെ ഇടയിലെ പ്രവർത്തനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. യഥാസ്ഥിക തമിഴ് സംസ്കാരം അതേപടി പേറുന്ന ഗ്രാമമാണ് മുത്തൂർ. ഒരു കുടുംബത്തിൽ നാലോ അതിലധികമോ കുട്ടികൾ. അതുകൊണ്ടു തന്നെ കുട്ടികൾ വിദ്യാഭ്യാസത്തിലുപരി തൊഴിൽ ചെയ്യാൻ പ്രേരിപ്പിക്കപ്പെടുന്നു. കുട്ടിതൊഴിലാളികളുടെ ബാഹുല്യം കൊണ്ടാകാം ഈ ഗ്രാമത്തോടു ചേർന്ന് തന്നെ പെൻസിൽ നിർമ്മാണ കമ്പനികൾ, കയർ കമ്പനികൾ, കടല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കൊച്ചു കൊച്ചു നിർമ്മാണ ശാലകൾ എന്നിവ സുലഭമാണ്. ഇവിടുത്തെ തൊഴിലാളികളിൽ ഭൂരിഭാഗവും 15 വയസിന് താഴെ പ്രായമുള്ള കുട്ടികളാണ്. പുത്തനുടുപ്പും, ബാഗും, കുടയും ചൂടി സ്കൂളിലേക്ക് പോകേണ്ടുന്ന പ്രായത്തിൽ ഫാക്ടറിയിലെ ചൂളം വിളിക്കു മുമ്പ് ജോലിക്കെത്താനുള്ള നെട്ടോട്ടത്തിലാണ് ഇവിടുത്തെ കുട്ടികൾ. ഇതിനിടയിലും മക്കളെ പൊള്ളാച്ചി ടൗണിൽ വിട്ട് പഠിപ്പിക്കുന്ന ചിലരുണ്ട് എന്നത് ആശാവഹമാണ്. എങ്കിലും ഭൂരിഭാഗത്തിന്റെ സ്ഥിതിയോ? ദൈവജനത്തിന്റെ പ്രാർത്ഥന ഈ മുത്തൂരിലേക്കും ക്ഷണിക്കുകയാണ്. "പൈതങ്ങൾ അപ്പം ചോദിക്കുന്നു....." (വിലാപങ്ങൾ 4:4)

*- ടെൻസൻ ജോസഫ്*

### പ്രത്യേക പ്രാർത്ഥനയ്ക്ക്

പൊള്ളാച്ചിയിൽ പ്രവർത്തിക്കുന്ന ഷാജി ജെ. പോളിന് ഹൃദയസംബന്ധമായ പ്രയാസങ്ങളാൽ ഭാരപ്പെടുന്നു. ചില നാളുകൾക്കു മുമ്പ് ശക്തമായ നെഞ്ചുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്നുള്ള പരിശോധനയിൽ ഹൃദയ ധമനികളിൽ ബ്ലോക്ക് ഉണ്ട് എന്ന സംശയം ഡോക്ടർമാർ പറഞ്ഞിരുന്നു. നിർദ്ദേശിച്ച മരുന്ന് കഴിച്ചതിനു ശേഷം ആൻജിയോപ്ലാസ്റ്റ് പരിശോധനയെ തുടർന്ന് ഓപ്പറേഷനോ ആഞ്ചിയോഗ്രാമോ വേണ്ടതില്ല എന്ന് ഡോക്ടർമാർ പറഞ്ഞു. ഹൃദയ ധമനികളിൽ കൊഴുപ്പ് അധികമായതിനാൽ മരുന്ന് തുടരുവാനാണ് നിർദ്ദേശം. വയലിൽ വളരെ അദ്ധ്വാനിക്കുന്ന ഈ യുവസുവിശേഷകനെ തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമെ. ഭാര്യ - എസ്തേർ, മക്കൾ റൂഫസ്, പ്രിസില്ല.

## സമൂഹത്തോടുള്ള ബാദ്ധ്യത

പ്രകൃതി ദുരന്തങ്ങളും മറ്റു നിലയിലുള്ള കഷ്ടനഷ്ടങ്ങളും ജനങ്ങൾക്കു നേരിടുമ്പോൾ ഉത്തമ വിശ്വാസികൾ എന്ന നിലയിലും മാതൃകാ പൗരന്മാർ എന്ന നിലയിലും നമുക്ക് ദൈവത്തോടും നമ്മുടെ സമൂഹത്തോടും ഉത്തരവാദിത്വമുണ്ട്. പത്രങ്ങളിൽ പേരു വരുന്നതോ മറ്റുള്ളവരാൽ പ്രശംസിക്കപ്പെടുന്നതോ അല്ല നമ്മുടെ പ്രതിഫലം. കർത്താവിന്റെ പ്രശംസ മാത്രം ലക്ഷ്യമാക്കിയാൽ മതി. ആന്ധ്രയിലും കർണ്ണാടകയിലും അടുത്ത സമയത്തുണ്ടായ വെള്ളപ്പൊക്കത്തിൽ 15 ജില്ലകളിലെ ജനങ്ങളാണ് ദുരിതത്തിലകപ്പെട്ടത്, നൂറുകണക്കിനാളുകൾ മരിച്ചു. ആന്ധ്രയിലെ കർണ്ണൂൽ ജില്ലയിലാണ് വ്യാപകമായ നാശനഷ്ടങ്ങളുണ്ടായത്. നമ്മുടെ വിശ്വാസികൾ കൂടിവരുന്ന ഹോളുകളും അവരുടെ വീടുകളും തകർന്നവയിൽ ഉൾപ്പെടുന്നു. ഇമെയിലിലൂടെയും മറ്റും ഇതു സംബന്ധിച്ച വിവരങ്ങൾ അനേക വിശ്വാസികൾക്ക് ലഭിച്ചു. ജനങ്ങളെ ബാധിച്ച പ്രയാസം എന്ന നിലയിൽ പത്രങ്ങളിലൂടെ ഈ വിവരങ്ങൾ അറിയാത്തവർ ഇല്ല. എന്താണ് നമ്മുടെ പ്രതികരണം?

നമ്മുടെ സഭകൾ സ്വതന്ത്രമായതു കൊണ്ട് ഏകോപിത പ്രവർത്തനങ്ങൾക്കു പരിമിതിയുണ്ട്. എങ്കിലും സഭകളായി എന്തെങ്കിലും ചെയ്യേണ്ടതല്ലേ. ജീവകാരുണ്യ ട്രസ്റ്റുകൾ, ആശുപത്രികൾ ഇവയ്ക്കും വിവിധ രീതിയിലുള്ള സഹായങ്ങളും മെഡിക്കൽ ക്യാമ്പുകളും വഴി ജനങ്ങളെ സഹായിക്കാനും അതുവഴി സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനും അവസരം ഇല്ലേ, ആന്ധ്രയിലെ നമ്മുടെ സഹോദരന്മാർ ഫോണിലൂടെയും ഇന്റർനെറ്റിലൂടെയും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. നമുക്കു എന്തെങ്കിലും ചെയ്യാനായോ എന്ന് ആത്മപരിശോധന ചെയ്യുന്നത് നന്നായിരിക്കും. ഇതുവരെയും വിവരം അറിയാത്തവർക്ക് ഇപ്പോൾ അറിയാൻ ഇടയായല്ലോ. സഹായഹസ്തം നീട്ടാൻ ഇനിയും അവസരമുണ്ട്. ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ (ഉപയോഗിക്കാതെ വീടുകളിൽ സൂക്ഷിക്കുന്നവ ഉൾപ്പടെ). തകർന്ന ആരാധനാലയങ്ങൾ, വീടുകൾ ഇവയുടെ പുനർനിർമ്മാണത്തിനുള്ള സഹായങ്ങൾ നൽകി നമ്മുടെ ബാദ്ധ്യത നിറവേറ്റുന്നത് ഇന്നിന്റെ ആവശ്യമാണ്. ആർഭാടങ്ങൾക്കും ആഘോഷങ്ങൾക്കും പണം ചെലവഴിക്കുകയും ഇത്തരം അവസരങ്ങളിൽ മുഖം തിരിഞ്ഞു നിൽക്കുകയും ചെയ്യുന്നവരോട് സമൂഹം എങ്ങനെ പ്രതികരിക്കും എന്നു ചിന്തിക്കുന്നതും നന്നായിരിക്കും.

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അടിയന്തര സഹായമെത്തിക്കാനും തുടർ പ്രവർത്തനങ്ങൾക്കുമായി ഇക്കാര്യത്തിൽ ഭാരമുള്ളവരുടെ ഒരു കൂട്ടായ്മ ഉണ്ടാകുന്നതും നല്ലതാണ്. നിലവിലുള്ള പ്രസ്ഥാനങ്ങളുടെ നേതൃത്വം മനസ്സുവച്ചാലും മതി. ദൈവജനമേ ഭാരത സുവിശേഷീകരണത്തിൽ മുന്നേറ്റമുണ്ടാകണമെങ്കിൽ നമ്മുടെ സമൂഹത്തിന്റെ ആവശ്യങ്ങളും നാം നിറവേറ്റിയേ മതിയാകൂ

- എഡിറ്റർ ഇൻ ചാർജ്ജ്

*1-ാം പേജിൽ നിന്ന് തുടർച്ച*

## ജമ്മു ആന്റ് കാശ്മീർ...

തങ്ങൾക്കുള്ള പ്രധാന തടസ്സങ്ങൾ കൊടും ശൈത്യവും ഇന്ത്യൻ സൈന്യത്തിന്റെ നിയന്ത്രണവുമാണ്.

ജമ്മുവിലുള്ള ഏക സഭയിലെ അംഗങ്ങളിൽ പലരും സൈനീക ക്യാമ്പിൽ നിന്നുള്ളവരാണ്. അതുകൊണ്ടുതന്നെ സ്ഥിരമായി വളരെ കുറച്ചു പേർ മാത്രമാണ് ഇവിടെയുള്ളത്. സൈനീക ക്യാമ്പിലും ഉദംപൂർ അടക്കമുള്ള ചില ജില്ലകളിലും മാത്രമാണ് സഹോദരൻമാർ പ്രവർത്തിക്കുന്നത്.

മൂന്ന് ഭാഷകളാണ് ഇവിടത്തുകാർ പ്രധാനമായും കൈകാര്യം ചെയ്യുന്നത് കാശ്മീരി, ഡോഗ്രി, ഉറുദു. പ്രാദേശിക ഭാഷകൾ വേറെയും ഉണ്ട്. ഉറുദുവിൽ ബൈബിൾ ലഭ്യമാണ്. ചില ഭാഷകളിൽ തർജ്ജിമയ്ക്കായി വിവിധ സംഘടനകൾ പ്രവർത്തിക്കുന്നു എന്നത് ആശാവഹമാണ്.

ഭീകര പ്രവർത്തകരുടെയും പാക് സൈന്യത്തിന്റെയും ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ വിധവമാർ 16,000ത്തോളമാണെന്നാണ് കണക്ക്. 50000 അനാഥ കുട്ടികൾ, അത്രയും തന്നെ ഭവനരഹിതർ. ഈ മേഖലയിലെ സുവിശേഷത്തിന്റെ സാധ്യത തെളിയുകയാണ്. ആശുപത്രി, അനാഥാലയങ്ങൾ, സ്കൂളുകൾ മറ്റ് ആതുര സേവന കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള എല്ലാ പ്രോത്സാഹനവും ഇവിടെയുണ്ട്. യേശുവിന്റെ സ്നേഹം നിർബന്ധിക്കുന്നുവെങ്കിൽ.. കടന്നു പോകാം.... പ്രവർത്തിക്കാം.....

സഹോ. ഫിലിപ്പ് മാത്യുവും കുടുംബവുമാണ് ജമ്മു സുവിശേഷ വയലിലെ ഏക കുടുംബം. ഭാര്യ ഓമന. മക്കൾ സിജി ആൻ സാംസൻ, ജിൻസി ആൻ. മൂത്തമകളുടെ വിവാഹം കഴിഞ്ഞു. മരുമകൻ ബെൻസൻ ബാബു. ലിന്റോ തോമസ്, വിനോദ് കുമാർ എന്നിവരെയും പ്രാർത്ഥനയിൽ ഓർക്കുക.

## ചിൽഡ്രൻസ് ക്ലബ്ബ്



*“ഓ ആ പരിപാടിയിൽ ചില മോശമായ പദങ്ങൾ ഉപയോഗിച്ചതുകൊണ്ട് ഞാൻ അതൊന്നും പിന്നീട് പറയാൻ പോകുന്നില്ല.” ടി.വി. ഓഫ് ചെയ്യാൻ മമ്മി പറഞ്ഞപ്പോൾ ടോണി ദേഷ്യത്തോടെ പറഞ്ഞു.*

*കുറെക്കഴിഞ്ഞ് ടോണി അലമായിലിരിക്കുന്ന ചോക്ലേറ്റ് ടിൻ കണ്ടപ്പോൾ അതിൽ കുറെയെടുക്കട്ടെ*

# ചുമ്മാ ഒന്നു നോക്കാം



*യെന്ന് മമ്മിയോടു ചോദിക്കാമെന്നു കരുതി. മമ്മി പുറത്തേക്കു പോയതു കൊണ്ട് ഉടനെ പറ്റില്ലെന്നവനറിയാം. തന്നെയുമല്ല ചോദിച്ചാൽ 'വേണ്ട' എന്നു മമ്മി പറയും. എന്നു തീർച്ചയുമാണ്. അലമാരിയോടു ചേർന്നു നിന്ന് 'ചുമ്മാ ഒന്നു നോക്കിയേക്കാം' എന്നു വിചാരിച്ചുകൊണ്ട് അതു തുറന്നു ചോക്ലേറ്റ് പാത്രം എടുത്തു. ഉം.. കൊള്ളാം... അവന്റെ വായിൽ വെള്ളമൂറി. പച്ചക്കടലാസുകൊണ്ടു പൊതിഞ്ഞ ഒരെണ്ണം എടുത്തു നോക്കി. ഇതു മിന്റ് ആയിരിക്കും. അതിന്റെ ഒരു കടലാസ് പൊളിച്ച് ഒരു ചെറിയ ഭാഗം കടിച്ചു നോക്കി. പിന്നെ ഒരു കടി കൂടി. അങ്ങനെ അതു തീർന്നു. ഹായ് എന്തൊരു രുചി! മറ്റൊരണ്ണം അവൻ എടുത്തു. അതു വളരെ രുചികരമായിരുന്നു. അടുത്തത്.... അടുത്തത്.....*

*അന്നു രാത്രി ഭക്ഷണം കഴിഞ്ഞ് മമ്മി ''ഇതാ ജോണിച്ചായൻ ഇന്നലെ ഗൾഫിൽ നിന്നും വന്നപ്പോൾ കൊണ്ടുവന്ന നല്ല കുറെ ചോക്ലേറ്റ് ഉണ്ട്'' എന്നു പറഞ്ഞു കൊണ്ട് ഒരു പാത്രവുമായി വന്നു. പക്ഷെ മമ്മിയുടെ മുഖത്ത് എന്തോ ഒരു ഭാവവ്യത്യാസം. “ഞാൻ വിചാരിച്ചു ഇതു നിറയെ ഉണ്ടെന്ന്. പക്ഷേ കുറച്ചെ ഉള്ളല്ലോ. എന്നാലും നല്ല ചോക്ലേറ്റാണല്ലോ എല്ലാവർക്കും ഒന്നോ രണ്ടോ വീതം എടുക്കാം.” മമ്മി പറഞ്ഞു.*

*ടോണിക്ക് വലിയ കുറ്റബോധമുണ്ടായി. അവൻ അതു മറക്കാൻ ശ്രമിച്ചു, കഴിഞ്ഞില്ല ടോണി വളരെ വിഷാദിച്ചിരിക്കുന്നതു കണ്ട് മമ്മി ചോദിച്ചു എന്താ മോനെ എന്താ കുഴപ്പം?”*

*ടോണിയുടെ കണ്ണുകൾ നിറഞ്ഞു 'ഞാനാണ് അതു ചെയ്തത്.' അവന്റെ ശബ്ദം ഇടറിയിരുന്നു. 'ഞാനാണ് ചോക്ലേറ്റ് എടുത്തു തിന്നത്...' അങ്ങനെ ആ കഥ പുറത്തു വന്നു.! ഒടുവിൽ അവൻ പറഞ്ഞു, “എന്നോടു ക്ഷമിക്കണം.”*

*മമ്മി പറഞ്ഞു 'കണ്ടോ മോനേ പതിയെ പതിയെ നീ പ്രലോഭനത്തിനടിപ്പെട്ടത് (തെറ്റു ചെയ്യാനുള്ള പ്രേരണയ്ക്ക്) ചുമ്മാ ഒന്നു നോക്കിയതു കൊണ്ട് അതെടുത്ത് മണത്തു, രുചിച്ചു തിന്നു! സാത്താനും ഇതു പോലെയാണ് പ്രവർത്തിക്കുന്നത്. അല്പം ആകട്ടെ, കുറച്ചു സമയം മതി, ഒന്നു നോക്കിക്കേ, കുഴപ്പമില്ല എന്നൊക്കെ അവൻ പറയും.' ടോണി തലകുലുക്കി. അവൻ കാണാനാഗ്രഹിച്ച ടി.വി. പ്രോഗ്രാമിന്റെ കാര്യമോർത്തു. മമ്മി അതു കാണണ്ടാ എന്നു പറഞ്ഞതെന്തിനാണെന്ന് ഇപ്പോൾ അവന് മനസ്സിലായി.*

### നിങ്ങൾ എങ്ങനെയാണ്?

*ഒരു പ്രത്യേക ടി.വി. പ്രോഗ്രാം കാണേണ്ട എന്നു മാതാപിതാക്കൾ പറഞ്ഞാൽ ആദ്യം മാത്രം ഒന്നു കണ്ടേട്ടെ, കുറച്ചു സമയം മതി എന്നൊക്കെ പറയാറുണ്ടോ? ചില പുസ്തകങ്ങളിലെ മോശമായ ചിത്രങ്ങൾ ഒന്നു മറിച്ചു നോക്കാൻ പ്രേരണയുണ്ടാകാറുണ്ടോ? കൂട്ടുകാർ നിർബന്ധിക്കുമ്പോൾ സിഗററ്റിന്റെ ഒരു പുക എടുത്തേക്കാം എന്നു തോന്നാറുണ്ടോ? അല്ലെങ്കിൽ മയക്കുമരുന്ന് ഒന്നു രുചിച്ചു നോക്കാം, എങ്ങനെയുണ്ട് എന്നു കരുതാറുണ്ടോ? സാത്താനറിയാം അല്പം നിങ്ങൾ രുചിച്ചാൽ, നോക്കിയാൽ അടുത്ത പ്രാവശ്യം അതു കൂടുതൽ വേണമെന്ന് നിങ്ങൾക്കു തോന്നുമെന്ന്. അങ്ങനെ നിങ്ങൾ അപകടത്തിൽ പെടും. എപ്പോഴും ദൈവത്തിന്റെ ആലോചന ശ്രദ്ധിക്കൂ. തുടക്കത്തിൽ തന്നെ സാത്താനോട് **ഇല്ല, വേണ്ട** എന്നു പറയുക.*

### കാണാതെ പഠിക്കുക.

*യാക്കോബ് 4:7*

*ദൈവത്തിന് കീഴടങ്ങുവിൻ, പിശാചിനോട് എതിർത്തു നില്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും.*

*യാക്കോബ് 4:7*

*- ടീയെം*

വാർത്തകൾ അയക്കേണ്ട വിലാസം : Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, PIN - 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയയ്ക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).
എഡിറ്റർ ഇൻ ചാർജ്ജ് - കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ - വർഗീസ് ചാക്കോ, ബാബു ജോൺ
ന്യൂസ് എഡിറ്റർ - തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് - ഷോംബെ പുത്തൂരാൻ
പ്രൊമോഷണൽ കോ-ഓർഡിനേറ്റർ - റെജി മാത്യു
സർക്കുലേഷൻ കോ-ഓർഡിനേറ്റർ - ജെൽസൺ പി.ജെ.
പബ്ലിഷർ - ടെൻസൻ ജോസഫ്.

# വിവാഹമോചനവും വിശ്വാസികളും

വിശ്വാസികൾക്ക് വിവാഹമോചനം അനുവദീയമോ? പല സ്ഥലങ്ങളിലും ഉയർന്ന് കേൾക്കുന്ന ഒരു ചോദ്യമാണ്. ആദ്യമായി ഈ ചോദ്യം, ലോകത്തിൽ ഇന്ന് നിലനിൽക്കുന്ന നിയമസംഹിതകളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യാം.

മിക്ക പാശ്ചാത്യ രാജ്യങ്ങളിലും വളരെ എളുപ്പം വിവാഹമോചനം നേടാനുള്ള നിയമങ്ങളുണ്ട്. ഇന്ത്യയിൽ ഹിന്ദുവിവാഹനിയമമനുസരിച്ച് വിവാഹമോചനം വളരെ എളുപ്പമാണ്. മുസ്ലീം നിയമം അനുസരിച്ച് വിവാഹമോചനം വളരെ ലളിതമാണ്. മൂന്ന് ഉപേക്ഷണം ചൊല്ലിയാൽ വിവാഹം വേർപ്പെടുത്താം. ക്രിസ്തീയ വിവാഹനിയമം അനുസരിച്ച് വിവാഹമോചനം വളരെ ബുദ്ധിമുട്ടായിരുന്നു ഈ




അടുത്തകാലം വരെ. എന്നാൽ വിവാഹത്തിലെ അവിശ്വസ്തത, ഭർത്താവിന്റെ ക്രൂരത മുതലായ കാരണങ്ങളാൽ ഇന്ന് വിവാഹമോചനം സാദ്ധ്യമാണ്. സാധാരണ കുടുംബകോടതികളിലാണ് ഇതിനുള്ള കേസ് ഫയൽ ചെയ്യുന്നത്. രണ്ടു മൂന്ന് വർഷംകൊണ്ട് കേസ് തീരും. വേർപ്പെടുത്തപ്പെടുന്ന ഭാര്യക്ക് ചിലവിനു കൊടുക്കാനുള്ള ഉത്തരവാദിത്വം തുടർന്നും ഭർത്താവ് നിർവ്വഹിക്കേണ്ടി വരുമെന്ന് മാത്രം.

### നിയമമുണ്ടെങ്കിലും വിവാഹമോചനം നല്ലതാണോ?

തീർച്ചയായും അല്ല. അനാഥരാകുന്ന കുഞ്ഞുങ്ങളും, ഹൃദയങ്ങൾക്കുണ്ടാകുന്ന മുറിവും മറ്റും പരിഗണിക്കുമ്പോൾ വിവാഹമോചനം ക്രൂരമാണ്.

ഇനി വചനത്തിലേക്ക് വരാം. വചനാനുസരണം വിവാഹമോചനം പാപം ആണ്. മത്തായി 19:13-12 നോക്കുക. ഇവിടെ യേശുക്രിസ്തു പഠിപ്പിക്കുന്നത് വിവാഹത്തിൽ പുരുഷനേയും സ്ത്രീയെയും യോജിപ്പിക്കുന്നത് ദൈവമാണെന്നും അതിനാൽ മനുഷ്യർക്ക് അത് വേർപിരിക്കുവാൻ അവകാശമില്ലെന്നുമാണ്. ഇവിടെ മനുഷ്യൻ എന്ന് വിശേഷിപ്പിക്കുന്നതിൽ ഭർത്താവും ഉൾപ്പെടുന്നു. കാരണം പരീശന്മാരുടെ ചോദ്യം തന്നെ ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുന്നത് സംബന്ധിച്ചാണ്. കർത്താവ് വിവാഹമോചനം പാടില്ലെന്നു പറയുന്നതിന് കാരണമായി പറയുന്നത് ഉല്പത്തി പുസ്തകത്തിലെ ആദാമിന്റെയും ഹവ്വയുടെയും വിവാഹത്തോടുള്ള ബന്ധത്തിൽ ദൈവം അരുളിച്ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ്. (മത്തായി 19: 4-6) ദൈവം സൃഷ്ടിതാവായിരിക്കുന്നിടത്തോളവും ഭാര്യാ ഭർത്താക്കന്മാരെ ദൈവം സംയോജിപ്പിക്കുന്നിടത്തോളവും യേശുക്രിസ്തുവിന്റെ ഈ പഠിപ്പിക്കൽ ബാധകമാണ്. ആർക്കെങ്കിലും യേശുക്രിസ്തുവിന്റെ ഈ ഉപദേശം മാറ്റണം എങ്കിൽ ദൈവത്തെക്കുറിച്ച് മുൻപറഞ്ഞ കാര്യങ്ങളിൽ മാറ്റം വരണം. വിശ്വസ്തനായ ദൈവത്തിന് മാറ്റം വരില്ലതാനും.

വിവാഹമോചനത്തിന് ക്രിസ്തു പറഞ്ഞകാര്യം ദൈവീകകല്പനയായതിനാൽ അത് എന്നും ബാധകമാണ്. ഞാൻ ഉപേക്ഷണ പത്രം വെറുക്കുന്നു (മലാഖി 2:16) എന്ന ദൈവത്തിന്റെ പ്രഖ്യാപനം ശ്രദ്ധേയമാണ്.

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിൽ തന്നെ വിവാഹമോചനം അനുവദിക്കുന്നെന്ന് കരുതുന്ന ചില പണ്ഡിതന്മാരുണ്ട്. മത്തായി 19:9 ആണ് അവർ അതിനുപയോഗിക്കുന്നത്. പരസംഗം കാരണം ഭാര്യയെ ഉപേക്ഷിക്കാമെന്ന് അവിടെ കാണുന്നുണ്ട്. എന്നാൽ പരസംഗം കാരണം ഭാര്യയെ ഉപേക്ഷിക്കണമെന്ന് അവിടെയോ മറ്റെവിടെയെങ്കിലുമോ കല്പനയില്ല. മാത്രമല്ല, മറിച്ചുള്ള മാതൃക ദൈവം തന്നെ കാണിക്കുന്നുണ്ട്. പരസംഗക്കാരിയായ തന്റെ കാന്തയായ യിസ്രായേലിനെ ദൈവം ഉപേക്ഷിക്കാതിരിക്കുന്നത് തന്നെ നല്ല ഉദാഹരണമാണ്. (യെഹെസ്കിയേൽ 16, 23 അദ്ധ്യായങ്ങൾ).

ഇനി എന്താണ് പരസംഗം എന്ന് നോക്കാം Porneiz എന്ന വാക്കാണ് മൂലഭാഷയിൽ, അതിന് വിവാഹത്തിന് മുമ്പുള്ള ലൈംഗികത എന്നാണ് നേരിട്ടുള്ള അർത്ഥം. Moichatai എന്ന വാക്കാണ് വ്യഭിചാരത്തിനുപയോഗിച്ചിരിക്കുന്നത്. ഇത് വിവാഹശേഷമുള്ള അവിശ്വസ്തതയാണ്. എന്താണിതിന്റെ അർത്ഥം. വിവാഹത്തിന് മുമ്പ് ഭാര്യ അവിശ്വസ്ത കാണിച്ചാൽ ഉപേക്ഷിക്കാമെന്നാണ്. വിവാഹത്തിന് മുമ്പ് എങ്ങനെ ഭാര്യയാകും? ഇത് മനസ്സിലാക്കണമെങ്കിൽ അന്ന് നിലവിലുള്ള യഹൂദ രീതി മനസ്സിലാക്കണം. വിവാഹനിശ്ചയം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞായിരുന്നു അവരുടെ വിവാഹം. ആ കാലഘട്ടത്തിൽ പ്രതിശ്രുതവധുവിനെ ഭാര്യയെന്ന് വിളിക്കുകയും അവളെ വിവാഹം കഴിക്കുന്നില്ലെന്ന് വെയ്ക്കണമെങ്കിൽ ഒരു ഭാര്യയോടെന്ന വണ്ണം ഉപേക്ഷണ പത്രം കൊടുക്കുകയും ചെയ്യണമായിരുന്നു. മത്തായി 19:1ൽ പറഞ്ഞിരിക്കുന്ന ഉപേക്ഷണ പത്രത്തിനുള്ള apolu-sai എന്ന പദം തന്നെയാണ് വിവാഹ നിശ്ചയം കഴിഞ്ഞ മറിയയോടുള്ള ബന്ധത്തിൽ ജോസഫ് ചെയ്യുവാനുദ്ദേശിച്ച കാര്യത്തിനും കൊടുത്തിരിക്കുന്നത്. മാത്രമല്ല മറിയയെ ജോസഫിന്റെ ഭാര്യയെന്നുമാണ് വിളിച്ചിരിക്കുന്നത്. (മത്തായി 1:19,20) അതായത് വിവാഹ നിശ്ചയം കഴിഞ്ഞാൽ സ്ത്രീ ഭാര്യയാണു താനും, എന്നാൽ അവളുടെ അവിശ്വസ്തത വ്യഭിചാരമല്ല പരസംഗമാണ് താനും. യേശുക്രിസ്തു, മത്തായി 19:9ൽ പരസംഗം എന്നും വ്യഭിചാരമെന്നുള്ള രണ്ടു വാക്കും ഉപയോഗിച്ചിരിക്കുന്നതിനാൽ വേദവ്യാഖ്യാന നിയമങ്ങളനുസരിച്ച് രണ്ട് വാക്കുകൾ ഭിന്നാർത്ഥങ്ങളിലാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് നിസംശയം പറയാം. ബൈബിളിൽ ചില സ്ഥലങ്ങളിൽ പരസംഗം എന്ന വാക്കിൽ വ്യഭിചാരമെന്ന ആശയവും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവിടെ പരസംഗം എന്ന വാക്ക് വിവാഹനിശ്ചയത്തിന് ശേഷവും വിവാഹത്തിന് മുമ്പുമുള്ള അവിശ്വസ്തതയെയാണ് കുറിക്കുന്നത്.

### അഥവാ പരസംഗം എന്ന വാക്ക് വിവാഹത്തിലുള്ള അവിശ്വസ്തതയേയും ഉൾക്കൊള്ളുന്നു എന്ന് സംശയമുണ്ടായാലോ?

ആ സംശയത്തിന്റെ പേരിൽ വിവാഹമോചനം നടത്തുന്നത് ശരിയല്ല. രണ്ടു കുപ്പികളിൽ പാലുപോലുള്ള ദ്രാവകങ്ങളുണ്ട്. അതിലൊന്നിൽ പാലും മറ്റേത് പാലും ആകാം വിഷവുമാകാം എന്ന സംശയമുണ്ടെങ്കിൽ അത് കുടിക്കാതിരിക്കുന്നതാണ് ബുദ്ധി. പരസംഗം

## നിയമവും നമ്മളും



എന്നത് വിവാഹനിശ്ചയശേഷം വിവാഹത്തിന് മുമ്പുള്ള അവിശ്വസ്തത ആണെന്ന് ബോധ്യമായിരിക്കുകയും അതേസമയം അപൂർവ്വം ചില ഭാഗങ്ങളിൽ ആ പദം വിവാഹശേഷമുള്ള അവിശ്വസ്തത ഉൾപ്പെട്ടിട്ടുണ്ടോ എന്ന് സംശയമുള്ള ഒരാൾ എന്തുചെയ്യണം? വിവാഹമോചനം തേടാതിരിക്കുകയാണ് വേണ്ടത്.

ദൈവശാസ്ത്രപരമായി എന്തുകൊണ്ടാണ് ദൈവം ഉപേക്ഷണത്തെ വെറുക്കുന്നത്. ഒന്നാമതായി ദൈവമാണ് ഭാര്യാഭർത്താക്കന്മാരെ യോജിപ്പിക്കുന്നത്. അതു മനുഷ്യൻ തകർക്കുന്നത് ദൈവത്തിന്നിഷ്ടമല്ല. രണ്ടാമതായി കുടുംബമാണ് ദൈവവ്യവസ്ഥിതിയുടെ അടിസ്ഥാന ഘടകം. അതു തകരുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. മൂന്നാമതായി അടുത്ത തലമുറയിലെ ഭക്തന്മാർ വളരേണ്ടത് കുടംബത്തിന്റെ തണലിലാണ്. വിവാഹമോചനം അതില്ലാതാക്കുന്നതിനാ ൽ ദൈവം വെറുക്കുന്നു. ഏറ്റവും പ്രധാനമായി വിവാഹജീവിതം കാണിക്കുന്നത് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെയാണ്. (എഫെ. 5:32) ഏതു കാരണം കൊണ്ടാണെങ്കിലും വിവാഹബന്ധം അവസാനിപ്പിക്കാമെങ്കിൽ അതിന്റെ പൊരുളായ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം അവസാനിപ്പിക്കുന്നതാണ് എന്നു വരും. ഇത് വചനവിരുദ്ധമാണ്. ഇക്കാരണങ്ങളാൽ ഏതു കാരണം കൊണ്ടും വിവാഹബന്ധം വേർപെടുത്താനവകാശമില്ല. വിശ്വാസിയല്ലാത്ത ഇണയെ ഉപേക്ഷിക്കാൻ വിശ്വാസിയായ പങ്കാളിക്ക് അവകാശം കൊടുത്തിട്ടില്ല. മറിച്ച് അവിശ്വാസിക്ക് വിശ്വാസിയായ ഇണയെ ഉപേക്ഷിക്കാം താനും (1 കൊ രി 7:15) ഇതും വിവാഹമോചനത്തെ ദൈവം ഇഷ്ടപ്പെടുന്നില്ലെന്ന് കാണിക്കുന്നു.

ഈ പ്രമാണം റോമർ 7:1-3 വരെയുള്ള ഭാഗങ്ങളിലും കാണാം. ഭർത്തൃന്യായപ്രമാണത്തിൽ നിന്നും ഒഴിവാക്കാനുള്ള ഏക മാർഗ്ഗം ഭർത്താവിന്റെ മരണമാണ്. ഭർത്താവ് മരിക്കുന്നതിന് മുമ്പ് അവൾ ആരുടെയെങ്കിലും ഭാര്യ ആയാൽ അവൾ വ്യഭിചാരിണിയായിരിക്കും. എന്തുകൊണ്ടാണ് പരസംഗം എന്ന കാരത്താൽ ഭർത്തൃന്യായപ്രമാണത്തിൽ നിന്നും ഒഴിവാകുമെന്ന് പൗലോസ് പറയാത്തത്. കാരണം യേശുക്രിസ്തു സംസാരിക്കുന്നത്



നിശ്ചയത്തിനും വിവാഹത്തിനും ഇടയ്ക്കുള്ള അവിശ്വസ്തതയെക്കുറിച്ചാണെന്നും താൻ സംസാരിക്കുന്നത് വിവാഹശേഷമുള്ള കാര്യത്തെക്കുറിച്ചാണെന്നും ഇവിടെ പരസംഗത്തെക്കുറിച്ച് പറയേണ്ട കാര്യമില്ലെന്ന് പൗലോസിന് ആത്മാവിൽ ഉറപ്പുള്ളതിനാലാണ്. മറ്റൊരു വിശദീകരണം അസാദ്ധ്യമാണ്.

### നിയമത്തിൽ വിവാഹമോചനം ആകാമെന്നും ബൈബിളിൽ അരുതെന്നും പറഞ്ഞിരിക്കുന്നു. വിവാഹമോചനത്തിനെതിരെ പറഞ്ഞാൽ കുറ്റമല്ലേ?

അല്ല. നിയമത്തിലും വിവാഹമോചനം വേണമെന്നല്ല, ആകാമെന്നാണ് പറയുന്നത്. അതിനാൽ ബൈബിൾ അനുസരിക്കുന്ന ആൾ നിയമം ലംഘിക്കുന്നില്ല. ഇന്നുള്ള നിയമങ്ങൾ മിക്കവയും ബൈബിൾ അനുസരിക്കുന്നവർക്ക് പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

– ജെയിംസ് വർഗ്ഗീസ്,
തിരുവനന്തപുരം.

YOUTH GUIDE

# A Silversmith

Malachi 3:3 says: 'He will sit as a refiner and purifier of silver.'This verse puzzled some women in a Bible study and they wondered what this statement meant about the character and nature of God.One of the women offered to find out the process of refining silver and get back to the group at their next Bible Study.That week, the woman called a silversmith and made an appointment to watch him at work. She didn't mention anything about the reason for her interest beyond her curiosity about the process of refining Silver.As she watched the silversmith, he held a piece of silver over the fire and let it heat up. He explained that in refining silver, one needed to hold the silver in the middle of the fire where the flames were hottest as to burn away all the impuritiesThe woman thought about God holding us in such a hot spot; then she thought again about the verse that says: 'He sits as a refiner and purifier of silver.' She asked the silversmith if it was true that he had to sit there in front of the fire the whole time the silver was being refined.The man answered that yes, he not only had to sit there holding the silver, but he had to



keep his eyes on the silver the entire time it was in the fire. If the silver was left a moment too long in the flames, it would be destroyed..The woman was silent for a moment. Then she asked the silversmith, 'How do you know when the silver is fully refined?'He smiled at her and answered, 'Oh, that's easy — when I see my image in it.

*'If today you are feeling the heat of the fire , remember that God has his eye on you and will keep watching you until He sees His image in you.* — *Adapted*

# അഭ്യർത്ഥന

നാമധേയ ക്രിസ്തീയ വിശ്വാസത്തിൽ നിന്ന് വേർപെട്ടുവന്ന സഹോദരി എൽസി അന്തോണി കിഡ്നി സംബന്ധമായ രോഗത്താൽ ചില നാളുകളായി ചികിത്സയിലായിരുന്നു. വിധവയായ ഈ സഹോദരിയുടെ ഒരു മകനും, മകളും കുടംബമായി റോമൻ കത്തോലിക്കാ വിശ്വാസത്തിൽ തന്നെയാണ് നിൽക്കുന്നത്. എന്നാൽ ഒരു മകളും ഓട്ടോ ഡ്രൈവറായ ഭർത്താവ് കെ.പി. കൊച്ചപ്പനും നെല്ലിക്കുന്ന് സഭാംഗമാണ്. ഇപ്പോൾ സഹോദരിക്ക് ഡയാലിസിസ് ചെയ്തു കൊണ്ടിരിക്കുകയാണ്. ഒരു ഡയാലിസിസിന് 2500/ രൂപ ചിലവു വരും. 15 എണ്ണം ഇപ്പോൾ തന്നെ ചെയ്തു കഴിഞ്ഞു. ഓട്ടോ ഡ്രൈവറായ കൊച്ചപ്പനെ കൊണ്ട് ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇക്കാര്യത്തിൽ ദൈവജനത്തിന്റെ സഹായസഹകരണങ്ങളും പ്രാർത്ഥനയും ആവശ്യമാണ്. കാത്തലിക്ക് സിറിയൻ ബാങ്കിന്റെ റൗണ്ട് സൗത്ത് ബ്രാഞ്ചിൽ 015540 S/B അക്കൗണ്ട് കെ.പി. കൊച്ചപ്പൻ, സിന്ധു കൊച്ചപ്പൻ എന്ന പേരിൽ ചേർന്നിട്ടുണ്ട്.
- ഡോ. ബിനോയ് വർഗ്ഗീസ്
ഫോൺ - 9846011141.

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

## WANTED BRIDE GROOM

**RM No : 973 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 21 വയസ്സ് 5'1" ഉയരം. B.Tech, Computer Engineer.

**RM No : 974 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 35 വയസ്സ് 5'2" ഉയരം. B.Com.

**RM No : 975 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 22 വയസ്സ് 5' ഉയരം. B.Com, പ്രൈവറ്റ് കമ്പനിയിൽ ജോലി.

**RM No : 976 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'5" ഉയരം. B.Sc. Nurse, ഗൾഫിൽ ജോലി.

**RM No : 977 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'2" ഉയരം. B.Sc Nurse.

**RM No : 978 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'2" ഉയരം. B.Sc Nurse.

**RM No : 979 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'4" ഉയരം. B.D.S. ഇപ്പോൾ ഹൗസ് സർജ്ജൻസി ചെയ്യുന്നു.

**RM No : 980 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'4" ഉയരം. Nurse, സൗദിയിൽ ഒരു കോൺട്രാക്ട് പൂർത്തിയാക്കി ഇപ്പോൾ നാട്ടിലുണ്ട്.

**RM No : 981 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'2" ഉയരം. IATA.

**RM No : 982 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'5" ഉയരം. GNM.

## WANTED BRIDE

**RM No : 983 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 27 വയസ്സ് 5'4" ഉയരം. Hotel Mgmt. Dip.. ജോലിയുണ്ട്.

**RM No : 984 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 26 വയസ്സ് 5'9" ഉയരം. Industrial Work. ഗൾഫിൽ ജോലി.

**RM No : 985 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 27 വയസ്സ് 5'6" ഉയരം. M.C.A. ബാംഗ്ലൂരിൽ ജോലി.

**RM No : 986 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 27 വയസ്സ് 5'9" ഉയരം. M.B.A. ജോലിയുണ്ട്.

**RM No : 987 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 29 വയസ്സ് 5'6" ഉയരം. Instrumentation Dip. ഗൾഫിൽ ജോലി.

**RM No : 988 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 28 വയസ്സ് 5'8" ഉയരം. MCA, Software Engg. ഗൾഫിൽ ജോലി.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ 0484 2432896 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രി

ഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങലേകുവാൻ ക്രിസ്തീയ ലഘുലേഖകളും ചെറുപുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്യുന്ന ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. വിവിധ ഭാഷകളിൽ ഈ ശുശ്രൂഷ നിർവ്വഹിച്ച് വരുന്നു. സുവിശേഷ മേഖലയിലേക്ക് സൗജന്യമായാണ് ലഘുലേഖകളും പുസ്തകങ്ങളും അയച്ചുകൊടുക്കുന്നത്. കഴിഞ്ഞ നാളുകളിൽ ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾ ദൈവജനത്തിലൂടെ ദൈവം നിർവ്വഹിച്ചു. തുടർന്നും വിവിധ ഭാഷകളിൽ ട്രാക്ടുകൾ അച്ചടിക്കേണ്ടതുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യമാണ്. ട്രാക്ടുകൾക്കും മറ്റ് വിശദവിവരങ്ങൾക്കും – The Secretary, Babu kutty Thomas, Elimullil, Ebenazer, Boat Jetty Road, Vaduthala P.O., Kochi-682023 . Tel:9447607555.

## ബിലിവേഴ്സ് ക്യാമ്പും കൺവെൻഷനും

രാജസ്ഥാൻ– ശ്രീഗംഗാനഗർ സഭാഹാളിൽ വെച്ച് നവംബർ 4,5 തീയതികളിൽ ബിലിവേഴ്സ് ക്യാമ്പും, കൺവെൻഷനും നടന്നു.

## സുവിശേഷ ക്യാമ്പ്

സിയോൺ മിഷൻ ചാരിറ്റബിൾ ട്രസ്റ്റും, പാലക്കാട് വൈ.എം.ഇ.എഫും ചേർന്ന് നവംബർ 17 മുതൽ 19 വരെ പാലക്കാട് ജില്ലയിലെ ഉപ്പുമണ്ണ്, കരിക്കയം, ചൂരപ്പാറ, മണാണ്ണക്കയം എന്നീ സ്ഥലങ്ങളിൽ സുവിശേഷ ക്യാമ്പയിൻ നടത്തുന്നു. – ജോൺസൻ പൊൻമനിശ്ശേരി.

## വൈ.എം.ഇ.എഫ്. യൂത്ത് ക്യാമ്പ് 2009

ജനറൽ വൈ.എം.ഇ.എഫ്. യൂത്ത് ക്യാമ്പ് ഡിസംബർ 23 മുതൽ 26 വരെ കോഴിക്കോട് ബ്രദ്റൻ സഭാഹാളിൽ വെച്ച് നടക്കുന്നു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന 250 പേർക്കു മാത്രം പ്രവേശനം. വിലാസം – സാബു മാത്യു കാലായിൽ ഹൗസ്, അന്യാർതൊളു, കട്ടപ്പന, ഇടുക്കി – 685515 ഫോൺ – 04868 270281, 9847707257.

## ബൈബിൾ ക്യാമ്പ്

തമിഴ്നാട് ക്രിസ്ത്യൻസ് ബിലിവേഴ്സ് അസംബ്ലി ആനുവൽ ബൈബിൾ ക്യാമ്പ് ഡിസംബർ 26 മുതൽ 29 വരെ കുറ്റാലം ക്രിസ്ത്യൻ ക്യാമ്പിങ്ങ് സെന്റർ ക്യാമ്പസിൽ വെച്ച് നടക്കുന്നു. സഹോ. ജേക്കബ് ചാക്കോ, സുവി. എം. കെ. സണ്ണി എന്നിവർ സന്ദേശങ്ങൾ നൽകും. – സെൽവകുമാർ, ക്യാമ്പൽ ബേ

## സുവിശേഷ ക്യാമ്പ്

അഗളി ടൗൺ അസംബ്ലി (അട്ടപ്പാടി)യുടെ ചുമതലയിൽ സെപ്റ്റംബർ 10 – 13 വരെ സുവിശേഷ ക്യാമ്പ് അനുഗ്രഹകരമായി നടന്നു. അഗളിയിലും പരിസര പ്രദേശങ്ങളിലും ഉള്ള രണ്ട് ആദിവാസി കോളനികളിലും മറ്റു ധാരാളം ഭവനങ്ങളിലും സുവിശേഷം അറിയിക്കുവാൻ കഴിഞ്ഞു. 4 പേർ രക്ഷിക്കപ്പെടുവാൻ ഇടയായി. ഈ ജില്ലയിലുള്ള സുവിശേഷകന്മാർ ഉൾപ്പെടെ 13 പേർ പ്രവർത്തനങ്ങളിൽ സഹകരിച്ചു. സുവി. പോൾ മാത്യു പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. Paul Mathew Evg. P.B. no. 1, Agali-attapaday, Palakkad - 978581.

# നമുക്കു ചുറ്റും

## കൗൺസിലേഴ്സ് ട്രെയിനിംഗ് ക്യാമ്പ്

ഭിലായ് – യുവജനശുശ്രൂഷയിൽ താല്പര്യമുള്ളവർക്കു വേണ്ടി ഭിലായ് മാർത്തോമ്മാ ക്യാമ്പ് സെന്ററിൽ നവംബർ 7 മുതൽ 10 വരെ കൗൺസിലേഴ്സ് ട്രെയിനിംഗ് ക്യാമ്പ് നടന്നു. സഹോദരന്മാരായ ബാബുജോൺ, ജോൺ കു ര്യൻ, തോമസ് എബ്രഹാം, കെ. തോമസ് മാത്യു, ഷാലു റ്റി. നൈനാൻ തുടങ്ങിയവർ ക്ലാസ്സുകളെടുത്തു. –തോമസ് ജോസഫ്, സാംസൺ നൈനാൻ.

## കെ.ഇ.എം. ഫണ്ട് കോൺഫറൻസ്

ഭോപ്പാൽ ബ്രദ്റൻ സഭയുടെ സഹകരണത്തിൽ നവംബർ 12 മുതൽ 15 വരെ കെ.ഇ.എം. ഫണ്ട് കോൺഫറൻസ് നടക്കുന്നു. വടക്കെ ഇന്ത്യയിൽ വേല ചെയ്യുന്ന 250ഓളം സുവിശേഷകർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. – കെ. പോൾ തോമസ്

## കൺവെൻഷൻ ഡയറി

**ഇലന്തൂർ** – നവംബർ 20 മുതൽ 22 വരെ

**പെരുമ്പാവൂർ** – നവംബർ 26 മുതൽ 29 വരെ

**റാന്നി** – നവംബർ 24 മുതൽ 29 വരെ

**കോട്ടയം** – നവംബർ 30 മുതൽ ഡിസംബർ 6 വരെ

**തൃശ്ശൂർ, നെല്ലിക്കുന്ന് കുറ** – ഡിസംബർ 3 മുതൽ 6 വരെ

**കലഞ്ഞൂർ** – ഡിസംബർ 9 മുതൽ 13 വരെ

**പത്തനംതിട്ട** – ഡിസംബർ 20 മുതൽ 27 വരെ

**മണ്ണാരത്തറ** – ഡിസംബർ 22 മുതൽ 27 വരെ

**കുമ്പനാട്** – ഡിസംബർ 27 മുതൽ ജനുവരി 3 വരെ





# Songs of Renewal

**Our Vision പ്രസിദ്ധീകരണം**

സണ്ടേ സ്കൂൾ, യൂത്ത് മീറ്റിംഗ് എന്നിവയ്ക്ക് ഉപയോഗിക്കാവുന്ന പുതിയ പാട്ടുകൾ അടങ്ങിയ ഇംഗ്ലീഷ്, മലയാളം ആത്മീയ ഗാനങ്ങൾ.

**വില Rs. 75/-**

**കൂടുതൽ കോപ്പികൾ വാങ്ങുന്നവർക്ക് ആകർഷകമായ ഡിസ്കൗണ്ട്.**

*കൂടുതൽ വിവരങ്ങൾക്ക്*

**Our Vision,** MRA-19A, Madathuvila Lane, Medical College PO, Trivandrum - 695 011. Ph : 9447341237, 9447414222.


# മഹത്വത്തിൽ



പത്തനാപുരം, കലഞ്ഞൂർ സഭാംഗം പനച്ചമൂട്ടിൽ ജെറിൻ വില്ലയിൽ കർതൃസന്നിധിയിൽ വിശ്രമിക്കുന്ന ചാക്കോ തോമസിന്റെ ഭാര്യ അന്നമ്മ തോമസ്.



തിരുവനന്തപുരം, കുന്നുകുഴി ബ്രദ്റൻ സഭാഗം ജോൺ കെ.വർഗ്ഗീസ് 27.09.09ന് കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.



എറണാകുളം, പലാരിവട്ടം സഭാംഗം കുരവയ്ക്കൽ സാറാമ്മ തോമസ് 1–11–09ൽ കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ദീർഘനാളുകൾ കുമ്പനാട് നോയൽ മെമ്മോറിയൽ സ്കൂൾ അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## ആവശ്യമുണ്ട്

സുവിശേഷീകരണത്തിന് സാദ്ധ്യതകളുള്ള മിഷൻ ആശുപത്രിയിലേക്ക് മെഡിക്കൽ സൂപ്രണ്ട്, ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ ആവശ്യമുണ്ട്. (ന്യായമായ ശമ്പളം) വിദേശത്തുള്ള നമ്മുടെ ഡോക്ടർമാർ 6 മാസം, 1 വർഷം ഈ നിലകളിൽ സേവനമനുഷ്ഠിക്കാൻ വരുന്നത് സ്വാഗതാർഹമാണ്. ഫോൺ - 9447360417 Renewal, P.O. Box 2665, Broadway, Ernakulam - 682 031.

# പ്രയർ കലണ്ടർ

നവംബർ 2009

**പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേിയാണ് ഈ കലർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉ്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.**

### ഞായർ – സ്ഥലം സഭയ്ക്കു വേണ്ടി

പൂർണ്ണമനസ്സോടും പൂർണ്ണ സമർപ്പണത്തോടും ദൈവത്തെ ആരാധിക്കുവാൻ. എല്ലാ വിശ്വാസികളും ഒരുക്കത്തോടെ കടന്നു വരുവാൻ (നിങ്ങളുടെ പങ്ക് നിർവഹിക്കുന്നുണ്ടോ). ശുശ്രൂഷകൾ ചെയ്യുന്നവർക്കായി പേരു പറഞ്ഞ്. മൂപ്പന്മാർ, സുവിശേഷകന്മാർ ഇവർക്കായി. സഭയിൽ വരാത്തവർക്കായി പ്രാർത്ഥിക്കയും ഉടനെ സന്ദർശിക്കുകയും ചെയ്യുക. സഭയിലെ യൂത്ത് മീറ്റിംഗ്, സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്കായി, യൂത്ത് മീറ്റിംഗിന് നേതൃത്വം നൽകാൻ പറ്റിയ ദമ്പതികൾക്കായി, സണ്ടേസ്കൂൾ പ്രവർത്തനത്തിന് കൂടുതൽ പേർ മുമ്പോട്ടു വരാൻ. അയൽപക്കത്തുള്ള കുട്ടികളെ ക്ഷണിക്കുക. യാത്രാ സൗകര്യമില്ലാത്തവർക്ക് അത് നൽകുവാൻ. സഹോദരിമാരുടെ മീറ്റിംഗ് മുടങ്ങാതെ നടക്കുവാൻ. സഹവിശ്വാസികളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രാർത്ഥിക്കുക. രക്ഷിക്കപ്പെടാത്തവർ, സ്നാനപ്പെടാത്തവർ, പിന്മാറ്റത്തിലിരിക്കുന്നവർ, രോഗികൾ, വാർദ്ധക്യത്തിന്റെ പ്രയാസമുള്ളവർ. (ഇവരെ നേരിൽ കാണുകയും ചെയ്യുക). അയൽസഭകൾക്കായും വിശ്വാസികൾക്കായും, ചുറ്റുമുള്ള മറ്റു സഭാവിഭാഗങ്ങൾക്കായും പ്രാർത്ഥിക്കുക. കർത്താവിന്റെ വേലയ്ക്കായി നിങ്ങളുടെ സഭയിൽ നിന്ന് എത്ര പേർ പോയിട്ടുണ്ട്, അവരെ ഓർത്ത് പതിവായി, അവരുടെ പ്രവർത്തന സ്ഥലം നിങ്ങൾ സന്ദർശിച്ച് പ്രോത്സാഹിപ്പിക്കുവാൻ. അവരുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി ആരും വേലയ്ക്കായി പോയിട്ടില്ലെങ്കിൽ ദൈവം ചിലരെ അയക്കുവാൻ. (നിങ്ങൾക്കും പോകാം, അല്ലെങ്കിൽ മക്കളെ അയക്കാൻ പ്രാർത്ഥിക്കാം). വിശ്വാസികളുടെ വ്യക്തിപരമായ ഉണർവ്വിന് പേരു പറഞ്ഞ്. ഭിന്നതകൾ വരാതിരിക്കാൻ, മുൻകരുതൽ പ്രാർത്ഥന വേണം. സഭയുടെ ഔട്ട്റീച്ച് പ്രവർത്തനങ്ങൾ ശക്തിയോടെ നടക്കുവാൻ. പ്രാർത്ഥനാ, യോഗങ്ങൾ ബൈ ബിൾ സ്റ്റഡി ഇവ മുടങ്ങാതെ നടക്കുവാൻ. പുതിയ ശുശ്രൂഷകന്മാർ എഴുന്നേൽക്കാൻ.

### തിങ്കൾ – അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി

ഭാരതത്തിന്റെ സമാധാനത്തിനായും മതേതര സ്വഭാവം നിലനിൽക്കേണ്ടതിനായും. നമ്മുടെ പ്രധാനമന്ത്രി, മന്ത്രിമാർ ഇവർക്കായി. (ലിസ്റ്റു നോക്കുക) പ്രസിഡണ്ട്, പ്രതിഭാപാട്ടീലിനും വൈസ് പ്രസിഡന്റ് ഹമീദ് അൻസാരി, ലോക്സഭാ സ്പീക്കർ മീരാ കുമാർ, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ ഇവർക്കായി. ദലിത് ക്രിസ്ത്യൻ സംവരണ നിയമം ഉണ്ടാകാനായി. രാഷ്ട്രീയ നേതാക്കന്മാർ രക്ഷിക്കപ്പെടാനും ദൈവഭയത്തിൽ ജീവിക്കാനും, കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീമതി സോണിയാ ഗാന്ധി, ആഭ്യന്തരമന്ത്രി പി. ചിദംബരം, പ്രതിപക്ഷ നേതാവ് എൽ. കെ. അദ്വാനി, ബി. ജെ. പി. നേതാക്കളായ അരുൺ ജെയ്റ്റ്ലി, രാജ്നാഥ് സിംഗ്, ആർ. എസ്. എസ്. നേതാവ് മോഹൻ ഭഗവത്, ചീഫ് ഇലക്ഷൻ കമ്മീഷണർ നവീൻ ചവ്ള എന്നിവർക്കായി. ആർമി ചീഫ് – ജനറൽ ദീപക് കപൂർ, നേവി ചീഫ് – അഡ്മിറൽ നിർമൽ കുമാർ വർമ, എയർ ഫോഴ്സ് – എയർ ചീഫ് മാർഷൽ നായിക്ക്, കാബിനറ്റ് സെക്രട്ടറി – കെ. എം. ചന്ദ്രശേഖർ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി – റ്റി. കെ. എ. നായർ, സി. ബി. ഐ. ഡയറക്ടർ അശ്വനി കുമാർ, ഐ. ബി. ഡയറക്ടർ രാജീവ് മാത്തൂർ. കേന്ദ്രഭരണ പ്രദേശങ്ങളിലെ ലഫ്. ഗവർണർമാർക്കായി, തേജേന്ദ്ര ഖന്ന (ഡൽഹി) ലഫ്. ജനറൽ (റിട്ട.) ഭൂപീന്ദർ സിംഗ് (ആൻഡമാൻ, നിക്കോബാർ), ജന (റിട്ട.), എസ്. എഫ്. റോഡ്രിഗ്സ് (ചാണ്ടിഗർ), രജ്നികാന്ത് വർമ (ദാദ്രാ, നഗർ ഹവേലി, ഡാമൻ ഡ്യു), പരിമൾ രാജ് (ലക്ഷദ്വീപ്) ഇക്ബാൽ സിംഗ് (പുതുച്ചേരി). സുപ്രധാന ഗവ. ഉദ്യോഗസ്ഥന്മാരെ ഓർത്ത് പതിവായി പ്രാർത്ഥിക്കുക, പ്രൊഫ. ഡി. പി. അഗർവാൾ ചെയർമാൻ (യു. പി. എസ്. സി), എം. കെ. നാരായണൻ (നാഷണൽ സെക്യൂരിറ്റി അഡ്വൈസർ), എസ്. എസ്. ഖുരാന (റെയിൽവേ ബോർഡ് ചെയർമാൻ) പത്രങ്ങളിൽ നിന്നും ഇങ്ങനെയുള്ള പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. നമ്മുടെ ഭരണാധികാരികൾ രക്ഷിക്കപ്പെടാൻ.

### ചൊവ്വ – രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി

മതപരിവർത്തന നിയമം പാസ്സാക്കിയിരിക്കുന്ന സംസ്ഥാനങ്ങളിലെ ഭരണാധികാരികൾ രക്ഷിക്കപ്പെടാനും നിയമം മാറ്റാനും. ഒറീസ്സ, മദ്ധ്യപ്രദേശ്, അരുണാചൽപ്രദേശ്, (പുതിയ മുഖ്യമന്ത്രിക്കായി), ഛത്തീസ്ഗഡ് സംസ്ഥാനങ്ങൾക്കായി. ഗുജറാത്തിനു വേണ്ടി പ്രത്യേകം. മുഖ്യമന്ത്രി നരേന്ദ്ര മോഡി, ഒറീസ്സ മുഖ്യമന്ത്രി നവീൻ പട്നായിക്ക്, കർണ്ണാടക മുഖ്യമന്ത്രി യെദിയൂരപ്പ എന്നിവരും രക്ഷിക്കപ്പെടാനും ജീവനുള്ള ദൈവത്തെ ഭയപ്പെടാനും. നിങ്ങളുടെ അടുത്ത ബന്ധുക്കളിൽ രക്ഷിക്കപ്പെടാത്തവരെ ഓർത്ത് നിരന്തരം. അവരോട് സുവിശേഷം പങ്കുവെയ്ക്കാൻ, നല്ല പുസ്തകങ്ങൾ നൽകുവാൻ. അവരെ ക്ഷണിച്ച് പ്രത്യേക യോഗങ്ങൾ നടത്താൻ, അവരുടെ അടുത്തുള്ള നമ്മുടെ സഭകളിലെ സാക്ഷ്യമുള്ളവരുമായി പരിചയപ്പെടുത്തുക. നിങ്ങളുടെ അയൽക്കാരെ ഓർത്ത്. അവരുമായി നല്ല ബന്ധത്തിൽ കഴിയുവാൻ. സുവിശേഷം പങ്കുവെയ്ക്കാൻ അവസരം നോക്കുക. പേരറിയില്ലെങ്കിലും പതിവായി കാണുന്നവരെ ഓർത്ത്. ഇനി കാണുമ്പോൾ പേരു ചോദിക്കുക. പോസ്റ്റ്മാൻ, മീൻകാരൻ, പച്ചക്കറി വിൽക്കുന്നയാൾ, ടെലിഫോൺ ലയിൻമാൻ, ഇലക്ട്രിസിറ്റി ജീവനക്കാർ, കൊറിയർ – സ്പീഡ് പോസ്റ്റ് വിതരണക്കാർ, പുരയിടത്തിൽ ജോലി ചെയ്യാൻ വരുന്നവർ, വീട്ടിൽ സഹായികളായി വരുന്നവർ, യാചകർ ഇവർക്കായി പ്രാർത്ഥിക്കുക. നാമധേയ ക്രൈസ്തവ സഭകളിലെ ബിഷപ്പുമാർ, നേതാക്കൾ ഇവർക്കായി പത്രങ്ങളിൽ വരുന്ന പേരുകൾ ശേഖരിച്ചു പ്രാർത്ഥിക്കുക. എൻ. എസ്. എസ്. ജനറൽ സെക്രട്ടറി പി. കെ. നാരായണപണിക്കർ, എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, മുസ്ലീം ലീഗ് അഖിലേന്ത്യാ പ്രസിഡണ്ടും മന്ത്രിയുമായ ഇ. അഹമ്മദ്, കേരള മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ, ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ ഇവരെല്ലാം ദൈവത്തെ ഭയപ്പെടുവാൻ, നീതിയോടെ കാര്യങ്ങൾ ചെയ്യുവാൻ.

### ബുധൻ – സൗഖ്യമില്ലാത്തവർക്ക് വേണ്ടി

രോഗങ്ങളാൽ പ്രയാസപ്പെടുന്നവർ – സാറാമ്മ ജോർജ്ജ് കൊട്ടൂപ്പള്ളിൽ, റാന്നി. വാർദ്ധക്യത്തിൽ ആയിരിക്കുന്നവരെ ഓർത്ത് പ്രത്യേകം കർതൃദാസന്മാരായ വി. പി. ജേക്കബ്, ഫിലിപ്പ് എബ്രഹാം എന്നിവർക്കായി. നമ്മുടെ മദ്ധ്യത്തിലെ മുതിർന്ന ഉപദേഷ്ടാവായ എം. എം. സഖറിയയെ ഓർത്ത്, ശുശ്രൂഷകൾക്കായും. ഇ. വി. വർഗീസ് (അങ്കമാലി) പി. കുര്യാക്കോസ് (കീഴില്ലം) റ്റി. ഇ. ഈശോ (ചെന്നൈ) കെ. പി. സാമുവൽ (തൃശൂർ) തുടങ്ങിയവർക്കായി. ചിന്നു ചെറിയാൻ (അരീപ്പറമ്പ്) കെ. ജെ. ജോസഫ് (പേരൂർക്കട) ഫേബാ കിഡ്നി സംബന്ധമായ രോഗം:– അനീഷ് ബാബു 22 വയസ്സ്, ഏലിയാമ്മ സോളമൻ ഐവർകാല, സുവി. തോമസ് ചെറിയാൻ (പുനലൂർ) സുവി. ലിയോ പോൾ (ഇരഞ്ഞാലക്കുട) അജിത് സിംഗ് (ബംഗാൾ) സുവി. പി. പി. ഫിലിപ്പോസ് (ജാൻസി) മോഹൻപിള്ള (തിരുവല്ല – ചുമത്ര). ഹൃദയ സംബന്ധമായ രോഗങ്ങൾ:– വി. പി. പൗലോസിന്റെ ഭാര്യ മോളി കുട്ടി, എം. ടി ഫിലിപ്പോസ് (ഏലപ്പാറ) നെൽസൺ ജോർജ്ജ് (ചെങ്ങറ) അസുഖ ങ്ങൾ ബാധിച്ച കുട്ടികൾ:– റെയിച്ചൽ (4) കോയമ്പത്തൂർ, ജിരെമ്യ ജന്നിംഗ്സ് (തൃശൂർ), ആതിര (16) കുറുപ്പംപടി, മെർലിൻ (മേപ്രാൽ) തുടങ്ങിയവർക്കായി. ആന്ധ്രയിലെ അലഗഡ സ്വദേശി മേരി (ബ്ലഡ് കാൻസർ) സി. എസ് എബ്രഹാം (ഇലന്തൂർ) പ്രമേഹം, ഗ്രേസി കണ്ണങ്കര – കണ്ണിന് പ്രയാസം, നിസ്സി (പഴഞ്ഞി) കാഴ്ച നഷ്ടപ്പെടുന്നു. ജസ്റ്റിസ് സാമുവൽ (യുഎസ്എ), തങ്കമ്മ ചാക്കോ (ക്യാൻസർ), തങ്കമ്മ ജോൺ, പായിപ്പാട് (ക്യാൻസർ), ലൂസിയ ജോൺ (നെല്ലിക്കുന്ന്). സുവി. പ്രമോദ് പോളിന്റെ ഭാര്യ ഗ്രേസി (ഛത്തീസ്ഗഡ്), സുവി. സാം സിജു ഫിലിപ്പിന്റെ ഭാര്യ ജെസി (മൊറേന, യുപി). സുവി. ഒ. എസ്. ഏലിയാസിന്റെ ഭാര്യ ഉഷ (കാങ്കീർ, ഛത്തീസ്ഗഡ്).

### വ്യാഴം – സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ

ആസാമിനു വേണ്ടി പ്രാർത്ഥിക്കാം. ജനസംഖ്യ 3 കോടി, 23 ജില്ലകൾ. മുഖ്യമന്ത്രി – തരുൺ ഗോഗോയ്, ഗവർണർ – സയ്യദ് എസ്. റാസി. കേരളത്തിൽ നിന്നും പോയി പ്രവർത്തിക്കുന്ന സുവിശേഷകന്മാർ എബി റ്റോം തോമസ്, എബി സാം, ജോബി ജോൺ, ജോബി ജോസഫ്, ജോസി എബ്രഹാം, രവികുമാർ, എം. ജി. രാജൻ, ഷിജു പി. ജോസ്, സൈമൺ മാത്യു, വി. കെ. സൈമൺ, മിഥുൻ ജോണി. (സുഖമില്ലാതിരിക്കുന്നു). വേദപുസ്തക പരിഭാഷയ്ക്കായി. ബഗേലി, ബാഗ്രി, ബുന്ദേലി, രാജസ്ഥാനി ഭാഷകളിൽ എത്രയും വേഗം ബൈബിൾ ലഭിക്കുവാൻ. വേദപുസ്തക തർജ്ജമയിൽ ഏർപ്പെട്ടിരിക്കുന്ന പി. റ്റി. തോമസ്, ബാബു തോമസ്, ബെന്നി കുര്യൻ, മാത്യു വർഗീസ്, വിശ്വരാജ്, ശാരീരിക പ്രയാസത്താൽ ഇപ്പോൾ ഭവനത്തിൽ ആയിരിക്കുന്ന മാത്യുപോൾ എന്നിവർക്കായി. വൈ. എം. ഇ. എഫ്. നോർത്ത്, സൗത്ത് ടീം പ്രവർത്തനങ്ങൾക്കായി. തമിഴ്നാട്, ഈറോഡ്, നാമക്കൽ ജില്ലകളിലെ പ്രവർത്തനങ്ങളെ ഓർത്ത്. നവംബറിൽ കർണ്ണാടകയിലെ റെയ്ച്ചൂരിൽ അനുധാവന പ്രവർത്തനം നടക്കുവാൻ. പഞ്ചാബ് കാമ്പയിൻ അനുഗ്രഹകരമായി നടക്കുവാൻ. ബൽഗാമിൽ സുവി. ക്രിസ്റ്റഫർ ഹുക്കേരി ആരംഭിച്ചിരിക്കുന്ന പ്ലാനറ്റോറിയം മുഖാന്തരം അനേകർ രക്ഷിക്കപ്പെടുവാൻ. ഒറീസ്സയിൽ ഇന്നും അനേക ക്രിസ്ത്യാനികൾ ഭയം മൂലം സ്വന്തം ഗ്രാമങ്ങളിലേക്കു മടങ്ങാൻ കഴിയാതെ വിഷമിക്കുന്നു. 4000 പേർ ടെന്റുകളിൽ കഴിയുന്നു. ഒറീസ്സയുടെ സമാധനത്തിനായി പ്രാർത്ഥിക്കുക. സുവിശേഷകന്മാരായ അജയ് കുമാർ ഛത്രിയ, പി. സെൽവനായഗം, സി. എസ്. തോമസ്, സി. പി. മാത്യു, സണ്ണി റ്റി. ദാനിയേൽ, കെ. എം. പോൾ, അനുസരണ പാണി, പി. സി. സാമുവൽ തുടങ്ങിയവർക്കായി.

### വെള്ളി – ലോക രാജ്യങ്ങൾ

ലോകരാജ്യങ്ങളെ ഓർത്ത്. അഫ്ഗാനിസ്ഥാനിൽ നിരന്തരം അനേകർ കൊല്ലപ്പെടുന്നു. യുദ്ധം തീർന്ന് സമാധാനത്തിനായി. തലസ്ഥാനമായ കാബൂളിനു വേണ്ടി. പ്രസിഡണ്ട് – ഹമീദ് കർസായി. താലിബാൻ നേതാക്കന്മാർ രക്ഷിക്കപ്പെടുന്നതിന്. ജനങ്ങൾ കർത്താവിനെ കണ്ടെത്തുവാൻ. അഫ്ഗാൻ പ്രശ്നത്തിൽ ശരിയായ തീരുമാനം എടുക്കുന്നതിന്. യു. എസ്. പ്രസിഡണ്ട് ബറാക്ക് ഒബാമയ്ക്കായി. ചൈനയ്ക്കു വേണ്ടി. കോടിക്കണക്കിന് ജനങ്ങൾ കർത്താവിനെ സ്വീകരിക്കുവാൻ. പ്രസിഡണ്ട് ഹു ജിന്റാവോ പ്രധാനമന്ത്രി വെൻ ജിയാബോ എന്നിവർ രക്ഷിക്കപ്പെടുവാൻ. ഭാരതവുമായി സമാധനത്തിൽ കഴിയുവാൻ. മതസ്വാതന്ത്ര്യം ലഭിക്കാനായി. രഹസ്യ സഭകൾക്കായി പ്രാർത്ഥിക്കുക. ചൈനയിൽ ബൈബിൾ അച്ചടിക്കുന്ന പ്രസ്സിനായി. എല്ലാവർക്കും ബൈബിൾ ലഭിക്കുന്നതിനായി. നോർത്ത് കൊറിയക്കു വേണ്ടി. പ്രസിഡണ്ട് – മാർഷൽ കിം ജോംഗ് 11, പ്രധാനമന്ത്രി – ഹോംഗ് സോംഗ് നാം. ക്രിസ്ത്യാനികൾ ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്ന രാജ്യം. യാതൊരു മതസ്വാതന്ത്ര്യവുമില്ല. അനവധി പേർ അറസ്റ്റ് ചെയ്യപ്പെടുന്നു. പ്രയാസമനുഭവിക്കുന്ന ജനതയ്ക്കുവേണ്ടി കണ്ണുനീരൊഴുക്കാം. സൗത്ത് കൊറിയയിൽ നിന്നും ബലൂൺ വഴി വേദവാക്യങ്ങളും മറ്റും നോർത്ത് കൊറിയൻ അതിർത്തിയിലേക്കു അയക്കുന്നു. പ്രാർത്ഥിക്കുക. ശ്രീലങ്കയ്ക്കു വേണ്ടി. തമിഴ്പുലികൾ പരാജയപ്പെട്ടെങ്കിലും ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും കഴിയുന്ന ആയിരക്കണക്കിന് തമിഴ് വംശജർക്കായി. സുവിശേഷം ധാരാളമായി അറിയിക്കപ്പെടാൻ. വിവിധ സഭാവിഭാഗങ്ങൾക്കായി. ബുദ്ധമതം 72%, ഹിന്ദു 12, മുസ്ലീം 8, ക്രിസ്ത്യൻ 7.62

### ശനി – കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ

ഭാരതത്തിലെ 40 കോടിയലധികം വരുന്ന 15 വയസ്സിൽ താഴെയുള്ളവരുടെ ഇടയിൽ അനേക പ്രവർത്തനങ്ങൾ നടക്കുവാൻ. കുട്ടികൾക്കുവേണ്ടി നല്ല ട്രാക്ടുകൾ, പുസ്തകങ്ങൾ, ചിത്രകഥകൾ ഇവ പ്രസിദ്ധീകരിക്കപ്പെടുവാൻ. ചൈൽഡ് ഇവാൻജലിസം, ഫൈവ് ഡേ വി. ബി. എസിന്റെ പുതിയ സിലബസിനായി, പ്രവർത്തകർക്കായി. സുവിശേഷകൻ ബാലസംഘം പ്രവർത്തനങ്ങൾക്കായി. സി. ഇ. എഫ് നടത്തുന്ന ശുശ്രൂഷകൾക്കായി. ഛത്തിസ്ഗഢിലെ വിവിധ പ്രവർത്തനങ്ങൾക്കായി. പക്കാഞ്ചോറിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുന്നതിനായി. ആശാകിരൺ ആശുപത്രി പുനരുദ്ധാരണത്തിനായി. സമർപ്പണമുള്ള ഒരു ഡോക്ടർ കുടുംബത്തിനായി. ആശുപത്രി ഉപകരണങ്ങൾ ലഭിക്കുന്നതിനായി. ഇർപ്പനാർ ജീവൻ ജ്യോതി സ്കൂളിനു വേണ്ടിയും പ്രവർത്തകരുടെ സംരക്ഷണത്തിനായും. ഭാരതത്തിലെ നമ്മുടെ ആശുപത്രികൾ യഥാർത്ഥ മിഷനറി ദർശനത്തിൽ തുടരുവാനും മടങ്ങി വരുവാനും. സങ്കേശ്വർ (കർണ്ണാടക), അംബാജിപേട്ട (ആന്ധ്രാ), നരസപ്പൂർ (ആന്ധ്രാ), റ്റി. എം. എം. (തിരുവല്ല, വാഴൂർ, മന്ദമരുതി) കൂടാതെ ലുധിയാന മെഡിക്കൽ കോളേജ്, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, ഒട്ടൻഛത്രം ആശുപത്രി എന്നിവയ്ക്കായും. സഭകൾ സ്പോൺസർ ചെയ്യുന്ന ഡോക്ടേഴ്സ് ഭാരതത്തിൽ പ്രവർത്തിക്കുവാൻ. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കൂടുതൽ വിശ്വാസികൾ മുമ്പോട്ടു വരുവാൻ. സാമൂഹ്യ പ്രവർത്തനങ്ങൾക്കായി. വേൾഡ് വിഷൻ തുടങ്ങിയ സംഘടനകൾക്കായി. ബ്രദ്റൻ റിലീഫ് ട്രസ്റ്റ്, തൃശൂർ രഹബോത്ത്, ഇരിങ്ങാലക്കുട ബോയ്സ് ഹോം, ദയാ വിഹാർ തിരുവല്ല, ബോർഡ് മെമ്മോറിയൽ ചിൽഡ്രൻസ് ഹോം (ചെന്നൈ) മേഴ്സി ഹോം (കുമ്പനാട്) എന്നീ പ്രവർത്തനങ്ങൾക്കായി.

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm.